**D1BML2201 (A3) (S2)** **(2 Pages)** **Reg. No:......................**

**Name: .........................**

**FIRST SEMESTER BCA / B. Sc. C.S DEGREE EXAMINATION NOVEMBER 2024**

**(Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL1A03T: ഭാഷയും സാഹിത്യവും 1**

**Time: 2 ½ Hours.** **Maximum Marks: 80**

ഭാഗം I: **1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**ഒരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.**

1. കേരളത്തിൽ എവിടെയെല്ലാമാണ് പൊക്കുടൻ കണ്ടൽ ചെടികൾ നട്ടുവളർത്തിയത് ?
2. വെളുത്ത മനുഷ്യനെക്കുറിച്ച് സിയാറ്റിൽ മൂപ്പന്റെ അഭിപ്രായമെന്ത് ?
3. നിത്യ ചൈതന്യയുടെ നാല് കൃതികളുടെ പേരെഴുതുക.
4. അന്ത:ക്കരണവൃത്തി എന്നാൽ എന്ത് ?
5. സുഭിക്ഷയുടെ കാലത്ത് മുത്തച്ഛൻ ചെയ്ത കാര്യങ്ങൾ എന്തൊക്കെയായിരുന്നു?
6. "എനിക്കു മുഷിഞ്ഞു തുടങ്ങിയിരുന്നു. ഞങ്ങൾ തമ്മിലുള്ള സംസാരം ഏതാണ്ടൊരു ഇൻർവ്യൂ പോലെ എനിക്കു തോന്നിത്തുടങ്ങിയിരുന്നു" ആര് ആരോടാണ് ഈ വാക്കുകൾ പറഞ്ഞത് ?
7. ലാസ് വേഗാസ് കണ്ടപ്പോൾ ലോല അത്യധികം ദുഃഖിതയായി കാണപ്പെട്ടത് എന്തുകൊണ്ട്?
8. 'അറിഞ്ഞുപോൽ രാജൻ, നിന-
   ക്കറിയാത്തൊരാനന്ദത്തിൻ
   പരമമാം രഹസ്യം ഞാ-
   നൊരു കിനാവിൽ' സൂചിപ്പിക്കുന്ന രഹസ്യമെന്ത് ?
9. 'പുറമേക്ക് ലെനിനായി
   പൂജാമുറിയിൽ പൂന്താനമായി' - സൂചിതമെന്ത്?
10. സ്വാതന്ത്ര്യത്തെക്കുറിച്ച് മീരയുടെ അഭിപ്രായം എന്ത് ?
11. എന്താണ് കലയുടെ സൂക്ഷ്മമായ സ്രോതസ്സ് ?
12. ദുസ്സഹമായ കോപത്തോടെ നിസ്സഹായമായ വെറുപ്പോടെ സരള ജനൽപ്പാളികൾ ചേർത്തടയ്ക്കാൻ കാരണമെന്ത്?
13. 'തിരിച്ചെടുക്കുക രാജൻ,
    വിലകെട്ട പൊന്നും രാവി -
    ന്നിരുളും ചേർത്തങ്ങെനിക്കായ് പണിത നീഡം
    മീരയുടെ ഈ വാക്കുകളുടെ പൊരുൾ വിശദീകരിക്കുക.
14. 'ഏകദേശം 25000 വർഷങ്ങൾക്കപ്പുറം നടന്ന ഒരാക്രമണ കഥയാണിത്'
    ഏതാണ് ആ കഥ?
15. ബ്ലാൻടയറിൽ നിന്നു ദാറസ്സലാമിലേക്കു (ടങ്കാനിക്ക) പോകാൻ സാധാരണയായി അവലംബിക്കുന്ന മാർഗമെന്ത് ?

**(തുടർച്ച .... 2)**

ഭാഗം II: **16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഒരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.**

16. "ജലത്തിൻറെ മർമ്മരം എന്റെ അച്ഛന്റെയച്ഛന്റെ ശബ്ദമാണ് " ഈ പ്രസ്താവനയുടെ പൊരുളെന്ത് ? വിവരിക്കുക.
17. "ദാ വരുന്നു, തറേലെ തന്തമ്മാമൻ. മിണ്ടാണ്ടെ നിന്നോ!" വാശിപിടിച്ച് കരയുന്ന പെൺകുട്ടികളോട് അയൽപക്കത്തെ അമ്മമാർ ഇങ്ങനെ പറയാൻ കാരണമെന്ത് ?
18. "കോളനിയിൽ പുതിയ താമസക്കാർ വന്നതോടെ അലിഖിത നിയമങ്ങൾ പലതും നിലവിൽ വന്നുകൊണ്ടിരുന്നു." എന്തൊക്കെയാണ് അലിഖിത നിയമങ്ങൾ?
19. "പോലീസിനെ ഉടൻ വിവരമറിയിക്കണം, ബ്വാന." എന്തിനാണ് പോലീസിൽ വിവരമറിയിക്കുന്നത് ? സന്ദർഭം എഴുതുക.
20. ന്യാസാ തടാകത്തെ ലേഖകൻ വർണ്ണിക്കുന്നതെങ്ങനെ?
21. "ഇദ്ദേഹം ആരാണെന്നറിയുമോ? ഡാറസ്സലാമിലെ പോലീസ് ഇൻസ്പെക്ടറാണ്." ആരുടെ വാക്കുകൾ ? സന്ദർഭമെന്ത് ?
22. "മനുഷ്യൻ ഭൂമിയിൽ തുപ്പുമ്പോൾ അവൻ അവനവനെത്തന്നെയാണ് തുപ്പുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നത് ?
23. 'രാവും നിലാവുമഴകും പുലരിത്തുടുപ്പും
    പൂവും ചമച്ച കരമെന്തിനുതീർത്തു നമ്മെ ?' സന്ദർഭവും സാരവും എഴുതുക

ഭാഗം III: **24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഒരോന്നിനും 10 മാർക്ക് വീതം.**

24. 'വേണ്ടാം കടി' എന്ന കഥയിൽ, പെൺകുട്ടികളോടുള്ള സമൂഹത്തിൻറെ മനോഭാവം പ്രതിഫലിക്കുന്നതെങ്ങനെ? സമകാലിക കേരളീയ സാമൂഹികസാഹചര്യത്തിൽ ഈ കഥയ്ക്ക് പ്രസക്തിയുണ്ടോ?ചർച്ച ചെയ്യുക.
25. തന്റെ പരമമായ ലക്ഷ്യത്തിലെത്താൻ വേണ്ടി അഹിംസ കൈവെടിയേണ്ട സന്ദർഭങ്ങൾ ജീവിതത്തിൽ ഉണ്ടാവാം. ചിലപ്പോൾ ആദർശങ്ങൾ നൂറുശതമാനം പ്രായോഗികമാവുകയുമില്ല. ഇടശ്ശേരിയുടെ കവിതയെ അടിസ്ഥാനമാക്കി ചിന്തിക്കുമ്പോൾ ഈ പ്രസ്താവനകളുടെ പൊരുളെന്ത് ? വിവരിക്കുക.
26. സ്വഹിലിഭാഷയെക്കുറിച്ച്, തന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ എസ്. കെ. പൊറ്റെക്കാട്ട് വിവരിക്കുന്നതെങ്ങനെ? സ്വഹിലിഭാഷ എന്ന അധ്യായത്തെ അടിസ്ഥാനമാക്കി വിവരിക്കുക
27. സ്ത്രീ മനസ്സിലെ അടിച്ചമർത്തപ്പെട്ട സ്വാതന്ത്ര്യത്തിന്റെ ആധുനികമായ ആവിഷ്കാരമാണ് 'മീര പാടുന്നു' എന്ന കവിത. ഈ പ്രസ്താവന എത്രത്തോളം ശരിയാണ് ? പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

**(2 × 10 = 20 മാർക്ക്)**